A

402

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ്- 4

സമയം: 2 മണിക്കൂർ

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ചു നോക്കാനുള്ളതാണ്.(സമാശ്വാസ സമയം)
2. ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്. ഇതിൽ നന്നായി അറിയാവുന്ന ഏതെങ്കിലും അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം: 1 പഴഞ്ചൊൽ വ്യാഖ്യാനം**

അത്താഴം കഴിച്ചയുടനെ ഉറങ്ങുക, ഹരിയുടെ ശീലമാണ്. അപ്പൂപ്പൻ പറഞ്ഞു "മോനെ..
അത്താഴമുണ്ടാൽ അരക്കാതം നടക്കണം എന്നാണ് ചൊല്ല്"

"എന്നു പറഞ്ഞാൽ എന്താ അപ്പൂപ്പാ"? ഹരി ചോദിച്ചു.

"മോനെ, വാ, പറഞ്ഞുതരാം".

അപ്പൂപ്പൻ എന്തൊക്കെയായിരിക്കും ഹരിയോട് പറഞ്ഞിട്ടുണ്ടാവുക?

## പ്രവർത്തനം: 2 പോസ്റ്റർ നിർമാണം

വേനൽക്കാല ദുരിതങ്ങൾ കഴിഞ്ഞ വർഷം നമ്മൾ അനുഭവിച്ചത് ഓർക്കുന്നുണ്ടല്ലോ. ജലക്ഷാമം എത്ര രൂക്ഷമായിരുന്നു! ഇനിയും വേനൽ വരും.......
ജലസംരക്ഷണത്തിന്റെ പ്രാധാന്യം അറിയിക്കാൻ ഒരു പോസ്റ്റർ തയാറാക്കൂ.

പ്രവർത്തനം: 3 പ്രസംഗം തയാറാക്കൽ

- ജൈവകർഷകനായ കോരേട്ടൻ പഴയകാലത്തെയും പുതിയകാലത്തെയും ഭക്ഷണരീതികളെക്കുറിച്ച് അമ്മുവിനോട് പറഞ്ഞു. ചക്കയും മാങ്ങയും പച്ചക്കറികളും കൊണ്ട് സമ്പന്നമായ പഴയകാലം..... മണ്ണിൽ പണിയെടുക്കാതെ വിഷപ്പച്ചക്കറികൾ തിന്നുന്ന പുതിയകാലം. കോരേട്ടന്റെ സംസാരം കഴിഞ്ഞപ്പോൾ അമ്മുവിനൊരു കാര്യം മനസ്സിലായി. "പഴയകാലത്തെ ഭക്ഷണരീതികൾ പിന്തുടരുന്നതു നല്ലതാണ്" ഇതു മറ്റുള്ളവരേയും അറിയിക്കണം. കോരേട്ടൻ പറഞ്ഞ കാര്യങ്ങളും

  'താളും തകരയും' എന്ന പാഠത്തിലെ ആശയങ്ങളും ഉൾപ്പെടുത്തി ഒരു പ്രസംഗം തയാറാക്കാൻ

  അമ്മുവിനെ സഹായിക്കൂ...

## പ്രവർത്തനം: 4 കുറിപ്പ് തയാറാക്കൽ



മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം ശ്രദ്ധിക്കൂ. 'മുരളി കണ്ട കഥകളി' എന്ന പാഠഭാഗത്തിലും കഥകളിയെക്കുറിച്ച് നിങ്ങൾ പഠിച്ചല്ലോ. ചിത്രത്തിലെ കാഴ്ചകൾ കൂടി പരിഗണിച്ച് കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ ഉൾപ്പെടുത്തി കുറിപ്പു തയാറാക്കൂ...

പ്രവർത്തനം: 5 തത്സമയ വിവരണം






പാലപ്പുറം ജി.എൽ.പി സ്കൂളിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചുള്ള ഘോഷ യാത്ര ആരംഭിച്ചു. വൈവിധ്യമാർന്ന കലാരൂപങ്ങൾ, നിശ്ചലദൃശ്യങ്ങൾ... ഘോഷ യാത്ര കാണാനായി റോഡിനിരുവശവും നിറയെ ആളുകൾ. ഏറ്റവും മുന്നിൽ ജീപ്പിൽ മൈക്കിലൂടെ ഘോഷയാത്രയെ വിവരിക്കുകയാണു റഫീഖ്. "സ്കൂളിന്റെ പേരെഴു തിയ ബാനറിനു പിന്നിൽ പലനിറത്തിലുള്ള മുത്തുക്കുടകളും പിടിച്ച് ഒരേ വേഷമ ണിഞ്ഞ അമ്മമാർ നയിക്കുന്ന ഗംഭീര ഘോഷയാത്ര....

പെൺകുട്ടികളുടെ കൈയിൽ ബലൂൺ.......

ഘോഷയാത്രയിലെ വിവിധ ദൃശ്യങ്ങൾ കൂടി ഉൾപ്പെടുത്തി തത്സമയ വിവരണം പൂർത്തിയാക്കൂ

പ്രവർത്തനം: 6 കവിതാപൂരണം

അഞ്ജുവിന്റെ വീടിനു മുറ്റത്തെ തണൽ മരത്തിൽ ഒരു പൈങ്കിളി കൂടുവെച്ചു. ആൺകിളി പെൺകിളിക്ക് കൂട്ടിരുന്നു. പെൺകിളി മുട്ടയിട്ടു. മുട്ടയ്ക്ക് അടയിരുന്നു. മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തു വന്നു. അഞ്ജു ഇതൊരു കവിതയാക്കി എഴുതി നോക്കി. കവിത പൂർത്തിയാക്കാൻ അഞ്ജുവിനെ സഹായിക്കാമോ? എഴുതിയ കവിതക്കു പേരു നൽകാൻ മറക്കരുതേ......

മുറ്റത്തെ മാമരത്തിൽ
തണലേകും പച്ചക്കുടയിൽ
ഒരു നാളിൽ പൈങ്കിളി
കൂടു വച്ചു.

........................................................................

........................................................................

........................................................................

........................................................................

........................................................................

........................................................................

........................................................................